# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/172/2018 — 2018 ആഗസ്റ്റ് 07

## പത്രക്കുറിപ്പ്

**പ്രത്യേക സെനറ്റ് യോഗം മാറ്റിവച്ചു**

ഇന്ന് (ആഗസ്റ്റ് 8) രാവിലെ 10 മണിക്ക് നടത്തുവാൻ നിശ്ചയിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റിന്റെ പ്രത്യേക അടിയന്തിര യോഗം മാറ്റിവച്ചു.

**ക്യാറ്റ് എം.ജി.യു. – എം.എഡ്. പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റും കൗൺസലിങ് ഷെഡ്യൂളും പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുള്ള കൗൺസലിങ് സർവ്വകലാശാലാ ആസ്ഥാനത്തുള്ള ക്യാപ് സെല്ലിൽ വച്ച് ആഗസ്റ്റ് 13ന് നടത്തും. ഷെഡ്യൂളും നിർദ്ദേശങ്ങളും www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക കാൾ ലെറ്ററുകൾ അയയ്ക്കുന്നതല്ല. ഫോൺ: 9495849770.

**കോളേജുകൾക്ക് അവധി**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് 2018 ആഗസ്റ്റ് 18 മുതൽ 27 വരെ ഓണാവധി ആയിരിക്കുന്നതാണ്. അയ്യങ്കാളി ജയന്തി പ്രമാണിച്ച് ആഗസ്റ്റ് 28ന് പൊതു അവധി ആയതിനാൽ ആഗസ്റ്റ് 29 മുതൽ കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

**എൽ.എൽ.ബി. പരീക്ഷാ പേപ്പറിൽ മാറ്റം**

സെപ്റ്റംബർ 5ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) 2016 അഡ്മിഷൻ മുതൽ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ F.L. 2 ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഹിസ്റ്ററി ഓഫ് ഇന്ത്യ (ഓണേഴ്സ്) എന്ന പേപ്പറിന് പകരം F.L.2 ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന പേപ്പറിന്റെ പരീക്ഷ നടക്കും.

**പരീക്ഷാ തീയതി**

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (റീഅപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ) ആഗസ്റ്റ്/സെപ്റ്റംബർ 2018 (അഫിലിയേറ്റഡ് കോളേജ് മാത്രം) പരീക്ഷകൾ ആഗസ്റ്റ് 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (റീ അപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ/മേഴ്സി ചാൻസ്) (അഫിലിയേറ്റഡ് കോളേജ് മാത്രം) പരീക്ഷകൾ ആഗസ്റ്റ് 31ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.സി.എ. (റഗുലർ)/ഡി.ഡി.എം.സി.എ. (സപ്ലിമെന്ററി) ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 9 മുതൽ 14 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

അഞ്ചാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്. - 2013ന് മുമ്പുള്ള അഡ്മിഷൻ)(സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 9ന് അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2018 എം.എസ്.സി. കെമിസ്ട്രി പ്രവേശനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൂന്ന് സീറ്റുകൾ ഒഴിവുണ്ട്. സർവ്വകലാശാലയുടെ പ്രവേശന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ആഗസ്റ്റ് 10 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പ് സ്‌കൂൾ ഓഫീസിൽ ഹാജരാകേണ്ടതാണ്. ഫോൺ: 0481 - 2731036.

സ്‌കൂൾ ഓഫ് ബയോസയൻസസ് ഡിപ്പാർട്ട്‌മെന്റിൽ 2018-2019 അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളായ ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നീ പ്രോഗ്രാമുകളിൽ പട്ടിക വർഗ (എസ്.ടി.) വിഭാഗത്തിൽ ഓരോ ഒഴിവു വീതമുണ്ട്. യോഗ്യരായ പട്ടിക വർഗ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 9ന് 10 മണിക്ക് സ്‌കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാക്കേണ്ടതാണ്.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷാ പരിശീലനം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് മത്സര പരീക്ഷയ്ക്കുള്ള തീവ്ര പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്‌സിറ്റി എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**